**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4747** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം സമ്പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുമരാമത്തു വകുപ്പിൽ ഇ -ഓഫീസ് സംവിധാനം പൂർണമായും നടപ്പാക്കിയിട്ടുണ്ട്. ഐ.ടി മിഷന്റെയും, എൻ.ഐ.സിയുടെയും സഹകരണത്തോടെയാണ് വകുപ്പിൽ ഇ - ഓഫീസ് സംവിധാനം നടപ്പാക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ചീഫ് എഞ്ചിനീയർ ഓഫീസുകളിലും, 12 സർക്കിൾ ഓഫീസുകളിലും 66 ഡിവിഷൻ ഓഫീസുകളിലും 203 സബ് ഡിവിഷൻ ഓഫീസുകളിലും 430 സെക്ഷൻ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ട്.<br><br>ഇ-ഓഫീസ് സംവിധാനം കെ-സ്വാൻ നെറ്റ് വർക്ക് വഴിയോ വി.പി.എൻ നെറ്റ് വർക്ക് വഴിയോ മാത്രമേ നിലവിൽ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ വകുപ്പിന്റെ ഡിവിഷൻ തലം വരെയുള്ള ഓഫീസുകളിൽ എല്ലാം തന്നെ ബി.എസ്.എൻ.എൽ ലീസ്ഡ് ലൈൻ കണക്ഷൻ എടുത്ത് കെ -സ്വാൻ നെറ്റ് വർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. സബ്-ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ അവിടുത്തെ നിലവിലെ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിച്ച് വി.പി.എൻ നെറ്റ് വർക്ക് എടുത്ത് ഇ-ഓഫീസ് ഉപയോഗിക്കുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പിലെ സെക്ഷൻ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വകുപ്പിന്റെ സബ്-ഡിവിഷൻ ഓഫീസുകൾ വരെ ഇ -ഓഫീസ് ഉപയോഗത്തിനായുള്ള കമ്പ്യൂട്ടർ, നെറ്റ് വർക്ക്, സ്കാനർ, യു.പി.എസ് എന്നിവ ആവശ്യത്തിനു നൽകിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിൽ നിലവിലെ കമ്പ്യൂട്ടർ, പ്രിൻറർ കം സ്കാനർ, ലാപ് ടോപ് എന്നിവയ്ക്കു പുറമേ രണ്ടു പുതിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ഐ.ടി വകുപ്പിന്റെ ഇ-പ്രോക്യൂർമെന്റ് പോർട്ടൽ വഴി വാങ്ങുന്നതിനായി 3.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | വകുപ്പിന്റെ സബ്-ഡിവിഷൻ ഓഫീസുകൾ വരെ ഇ -ഓഫീസ് ഉപയോഗത്തിനായുള്ള കമ്പ്യൂട്ടർ, നെറ്റ് വർക്ക്, സ്കാനർ, യു.പി.എസ് എന്നിവ ആവശ്യത്തിനു നൽകിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിൽ നിലവിലെ കമ്പ്യൂട്ടർ, പ്രിൻറർ കം സ്കാനർ, ലാപ് ടോപ് എന്നിവയ്ക്കു പുറമേ രണ്ടു പുതിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ഐ.ടി വകുപ്പിന്റെ ഇ-പ്രോക്യൂർമെന്റ് പോർട്ടൽ വഴി വാങ്ങുന്നതിനായി 3.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പൊതുമരാമത്ത് വകുപ്പിൽ 30.06.2022 വരെ ഇ-ഓഫീസ് മുഖേന ഒരു ഫയൽ പോലും ക്രിയേറ്റ് ചെയ്യാത്ത എത്ര ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിൽ 1-1-2022 മുതലാണ് പൂർണമായും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയത്. ഇതിൽ സബ്-ഡിവിഷൻ തലം വരെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് ഫയൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. വകുപ്പിലെ 430 സെക്ഷൻ ഓഫീസുകളിൽ 117 ഓഫീസുകൾ മാത്രമാണ് 30-6-2022 വരെ ഒരു ഫയൽ പോലും ഇ - ഓഫീസിൽ ക്രിയേറ്റ് ചെയ്യാത്തത്. ഇവർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് ഇ-ഓഫീസ് ഉപയോഗിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ഇ) | പൊതുമരാമത്ത് വകുപ്പിൽ പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ടിരിക്കേ മറ്റൊരു സോഫ്റ്റ് വെയറായ ഇ-ഓഫീസ് കൂടി നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ഇ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ്‌വെയർ ഒരു വർക്ക് മാനേജ്മെന്റ് സിസ്റ്റമാണ്. ഇതിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് ഉണ്ടാക്കൽ, അതിന്റെ വിവിധ ഓഫീസുകളിലെ അംഗീകാരം നൽകൽ, ജസ്റ്റിഫിക്കേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കൽ, ടെണ്ടർ അംഗീകരിക്കൽ, ഇ-മെഷർമെന്റ് , ബിൽ തയ്യാറാക്കൽ, ആസ്തികളുടെ ഡിജിറ്റൈസേഷൻ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ, എമിലി സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കൽ എന്നിവയാണ് പ്രധാനമായും ചെയ്യുന്നത്. എന്നാൽ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു പൊതുവായ കാര്യങ്ങളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയത്. |
| (എഫ്) | പൊതുമരാമത്ത് വകുപ്പിൽ പ്രൈസ്, ഇ-ഓഫീസ് എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ (Standard Operating Procedure) പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനു വിശദമായ മാർഗനിർദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ, ഉപയോഗിക്കുന്ന രീതികൾ വിവരിക്കുന്ന ഡോക്യുമെന്റുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇവ പൊതുമരാമത്ത് വെബ് സൈറ്റിലും ഇ-ഓഫീസ് സൈറ്റിലും ലഭ്യമാണ്. പ്രൈസ് സോഫ്റ്റ് വെയർ പൊതുമരാമത്ത് മാനുവൽ പ്രകാരമാണ് ഉപയോഗിക്കേണ്ടത്. കൂടാതെ മരാമത്ത് പണികളുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പുമായി ബന്ധപ്പെട്ട കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളും അനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നു. ആയതിനാൽ പ്രൈസ് സോഫ്റ്റ് വെയറിന് പ്രത്യേകം standard operating procedure നിലവിലില്ല. എന്നാൽ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനു വേണ്ട ട്യൂട്ടോറിയൽ വീഡിയോകൾ പ്രൈസ് സോഫ്റ്റ് വെയർ വെബ് സൈറ്റിൽ കൊടുത്തിട്ടുണ്ട്. (https://price.kerala.gov.in/tutorials.htm). |

സെക്ഷൻ ഓഫീസർ